പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. *374

15.07.2015 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഇ.എസ്. ബിജിമോൾ | ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം എത്ര വർഷം കൂടുമ്പോഴാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) ഓരോ മൂന്ന് വർഷം കൂടുമ്പോഴാണ് തൊഴിലാളികളുടെ വേതന പരിഷ്കരണം നടപ്പിലാക്കുന്നത്. |
| (ബി) അവസാനമായി വേതനം പുതുക്കി നൽകിയത് എന്നാണ്; | (ബി) 22.05.2012-ൽ, പ്രാബല്യ തീയതി 01.02.2012 |
| (സി) വേതന പരിഷ്കരണം നടപ്പിലാക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) പ്ലാന്റേഷൻ മേഖലയിലെ വേതന പരിഷ്കരണം ചർച്ച ചെയ്യുന്നതിനായി 2014-15 കാലഘട്ടത്തിൽ ആറുതവണ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ വേതന പരിഷ്കരണവുമായി ബന്ധപ്പെട്ട് വിശദമായ ചർച്ച ചെയ്തിരുന്നുവെങ്കിലും തൊഴിലാളി - തൊഴിലുടമ പ്രതിനിധികളുടെ അഭിപ്രായ സമന്വയം സാധ്യമായിട്ടില്ല. ഒന്നോ രണ്ടോ യോഗങ്ങൾ കൂടി ചേർന്ന് വിഷയം ചർച്ച ചെയ്ത് ഒത്തുതീർപ്പിലെത്തി കരാർ ഒപ്പിടാൻ കഴിയുമെന്ന പ്രതീക്ഷിക്കുന്നു. |
| (ഡി) പുതിയ വേതന പരിഷ്കരണം എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ? | (ഡി) പുതിയ കരാർ ഒപ്പിടുമ്പോൾ പ്രാബല്യ തീയതി സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. |

Sreelekha

സെക്ഷൻ ഓഫീസർ